ഉത്തരം

ഈ റോഡിൽ ചെ. 0/000 മുതൽ 1/500 വരെ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ചെ. 1/500 മുതൽ 2/200 വരെ പണികൾ നടന്നുവരുന്നു. ചെ. 2/200 മുതൽ 4/000 വരെയുള്ള പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

മലയോര ഹൈവേ നിർമ്മാണം

222 (3973) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിച്ച് യാത്ര സുഗമമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് മുതൽ പുരുഷൻഗഡി വരെ 4/700 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തീകരിച്ചു. പുരുഷൻഗഡി മുതൽ ഇടിയടുക്ക വരെ കി.മീ. 4/700 മുതൽ 17/200 വരെയുള്ള പ്രവൃത്തിക്ക് 650 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുപുഴ മുതൽ വള്ളിക്കടവ് വരെ 2.50 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. കൂടാതെ, ഹിൽ ഹൈവേയിൽ വരുന്ന അത്തനടി പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ഇതുകൂടാതെ സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) പ്രകാരം, കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. ഹിൽ ഹൈവേക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

കാലടി - മഞ്ഞപ്ര റോഡ് നിർമ്മാണം

223 (3974) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി - മഞ്ഞപ്ര റോഡിന്റെ 5 കോടി രൂപ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ എത്ര തവണ വിശദീകരണം ആവശ്യപ്പെട്ടിരുന്നു; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പൊതുമരാമത്ത്, ധനകാര്യം, ചീഫ് ടെക്നിക്കൽ എക്സാമിനർ തുടങ്ങിയ വകുപ്പുകളിൽ വിശദീകരണം ചോദിച്ചും മറുപടി നൽകിയും നിർമ്മാണ പ്രവർത്തനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഈ റോഡിന്റെ നിർമ്മാണത്തിനായി 11-2-2014-ൽ ഭരണാനുമതിയും 14-2-2014-ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തി 3 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമുണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. 24-1-2015-ന് ക്വട്ടേഷൻ സർക്കാരിൽ ലഭിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 55% ഉയർന്ന തുകയ്ക്കാണ്. ഇതിന് അനുമതി നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെൻഡർ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനർ 30-3-2015-ൽ LMR. Technical Sanction ഇവ സംബന്ധിച്ച ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് ലഭ്യമാക്കി എത്രയും പെട്ടെന്ന് ക്വട്ടേഷന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് അനിവാര്യമായ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ആയൂർ - ഇത്തിക്കര റോഡ് നിർമ്മാണം

224 (3975) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ആയൂർ - ഇത്തിക്കര റോഡ് ബി.എം. & ബി.സി. പ്രകാരം നിർമ്മാണത്തിന് ഭരണാനുമതി നൽകുമോ ; ഇതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly